ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 07.09.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1). ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഇന്ന് ഉത്തർപ്രദേശിൽ. ഗോരഖ്പൂർ ജില്ലയിലെ ആദ്യ സൈനിക സ്കൂൾ സന്ദർശനം ഉദ്ഘാടനം ചെയ്യു.

Vice President Jagdeep Dhankhar is on a visit to Uttar Pradesh today. Vice President inaugurated the first military school in Gorakhpur district.

2. ആഗോള സമ്പദ്‌വ്യവസ്ഥയിൽ ഇന്ത്യയ്ക്ക് മുന്നേറ്റം. MSCIയുടെ എമർജിംഗ് മാർക്കറ്റ് ഇൻവെസ്റ്റബിൾ മാർക്കറ്റ് സൂചികയിൽ ചൈനയെ പിന്തള്ളി.

India overtakes China in MSCI Emerging Markets Investable Market Index.

3. കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഇന്ന് കോഴിക്കോട് എൻഐടിയുടെ 20-ാമത് ബിരുദദാന ചടങ്ങിൽ പങ്കെടുക്കും.

Union Minister of states George Kurien to participate in the 20th convocation ceremony of NIT Calicut today.

4. മണിപ്പൂരിൽ വിവിധ ഇടങ്ങളിൽ സംഘർഷം. വെടിവെയ്പ്പിൽ ആറ് പേർ കൊല്ലപ്പെട്ടു.

In Manipur, gunfights have been taking place at difference places since early morning. Six persons killed.

5. ഗണേശ ചതുർത്ഥി ദിനത്തിൽ രാജ്യത്തിന് ആശംസകൾ നേർന്ന് രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും.
President Droupadi Murmu, Vice President Jagdeep Dhankhar and Prime Minister Narendra Modi have greeted the people on the auspicious occasion of Ganesh Chaturthi.

6. പാരീസ് പാരാലിമ്പിക്സിൽ പത്താം ദിനത്തിലും മെഡൽ പ്രതീക്ഷയോടെ ഇന്ത്യ. റോഡ് സൈക്ലിംഗിലും പാരാ അത്‌ലറ്റിക്സിലും ഇന്ത്യൻ താരങ്ങൾ ഇന്ന് ഫൈനലിൽ മത്സരിക്കും.
India continues its journey with medal hopes on the tenth day of Paris Paralympics. Indian players will compete in the finals today in road cycling and para athletics.

&&&&&&&&&&&&&&&&&&

## VP-UP-VISIT

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഇന്ന് ഉത്തർപ്രദേശിൽ. ഗോരഖ്പൂർ ജില്ലയിലെ ആദ്യ സൈനിക സ്കൂൾ അദ്ദേഹം ഉദ്ഘാടനം ചെയ്യും. തുടർന്ന് ഗോരഖ് നാഥ് ക്ഷേത്രവും ഉപരാഷ്ട്രപതി സന്ദർശിക്കും. ജഗദ്ഗുരു റാം ഭദ്രാചാര്യ ദിവ്യാംഗ് സർവകലാശാല സംഘടിപ്പിക്കുന്ന ദേശീയ സെമിനാറിൽ ഉപരാഷ്ട്രപതി അധ്യക്ഷനാകും.

**************

## MSCI-INDIA CHINA

മോർഗൻ സ്റ്റാൻലി ക്യാപിറ്റൽ ഇൻ്റർനാഷണൽ കമ്പനി MSCIയുടെ എമർജിംഗ് മാർക്കറ്റ് ഇൻവെസ്റ്റബിൾ മാർക്കറ്റ് സൂചികയിൽ ചൈനയെ പിന്തള്ളി ഇന്ത്യ. സൂചികയിൽ ചൈനയുടെ പ്രാമുഖ്യം 21.58 ശതമാനവും ഇന്ത്യയുടേത് 22.27 ശതമാനവുമാണ്. ആഗോള സമ്പദ്‌വ്യവസ്ഥയിൽ ഇന്ത്യയുടെ മുന്നേറ്റമാണ് ഇതിലൂടെ വ്യക്തമാകുന്നത്. ബൃഹത്തായ സാമ്പത്തിക സാഹചര്യങ്ങൾക്ക് ഊന്നൽ നൽകിയതാണ് ഈ നേട്ടം കൈവരിക്കാൻ ഇന്ത്യയെ സഹായിച്ചതെന്നാണ് വിലയിരുത്തൽ. അതേസമയം ചൈനീസ് വിപണികൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി ചൈനയ്ക്ക് തിരിച്ചടിയായി. ഇന്ത്യയുടെ കോർപ്പറേറ്റ് മേഖലയിലെ മികച്ച പ്രകടനവും ഈ വർഷം ആദ്യം ഇന്ത്യയിലേക്കുള്ള വിദേശ നിക്ഷേപത്തിൽ ഉണ്ടായ 47 ശതമാനം

വർദ്ധനയും സൂചികയിൽ മുന്നിൽ എത്താൻ സഹായിച്ചതായി കണക്കാക്കുന്നു.

***************

## REV. MANIPUR-GUNFIGHT CONTINUES

മണിപ്പൂരിൽ വിവിധ സ്ഥലങ്ങളിലുണ്ടായ വെടിവെയ്പ്പിൽ ആറ് പേർ കൊല്ലപ്പെട്ടു. ആക്രമണത്തിൽ നിരവധി പേർക്ക് പരിക്കേറ്റു. ഇന്ന് പുലർച്ചെ ജിരിബാം ജില്ലയിൽ ഒരു വീടിന് നേരെയുണ്ടായ വെടിവയ്പ്പിൽ ഒരാൾ കൊല്ലപ്പെട്ടു. ജിരിബാം പോലീസ് സ്റ്റേഷനു കീഴിലുള്ള നുങ്ചെപി പ്രദേശത്ത് രണ്ട് സംഘങ്ങൾ തമ്മിലുണ്ടായ ഏറ്റുമുട്ടലിൽ മൂന്ന് അക്രമികൾ ഉൾപ്പെടെ നാല് പേർ കൊല്ലപ്പെട്ടു. അതേസമയം, മൊയ്റാംഗ് പട്ടണത്തിലുണ്ടായ ബോംബ് സ്ഫോടനത്തിൽ ഒരാൾക്ക് ജീവൻ നഷ്ടമായി. കൽച്ചിംഗ് ജില്ലയിലും സംഘർഷാവസ്ഥ തുടരുകയാണ്. ആക്രമണ പരമ്പരയെത്തുടർന്ന് ഈ പ്രദേശങ്ങളിൽ സുരക്ഷാ സേനയെ വിന്യസിച്ചിട്ടുണ്ട്.

***************

### PREZ, PM - GANESH CHATURTHI

ഗണേശ ചതുർത്ഥി ദിനത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമുവും ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖറും പ്രധാനമന്ത്രി നരേന്ദ്ര മോദിയും ജനങ്ങൾക്ക് ആശംസകൾ നേർന്നു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഗണേശ ചതുർത്ഥി ഒരുമയോടെ ആഘോഷിക്കപ്പെടുന്നുവെന്നും സാമൂഹിക ഊർജത്തിന്റെ ഉത്തമ മാതൃകയാണിതെന്നും രാഷ്ട്രപതി സമൂഹമാധ്യമത്തിൽ കുറിച്ചു. രാജ്യത്തെ ജനതയ്ക്ക് ഗണേശ ചതുർത്ഥി ദിനത്തിൽ ഹൃദയംഗമമായ ആശംസകൾ നേരുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദിയും അറിയിച്ചു.

***************

## WB-APARAJITA-PREZ

പശ്ചിമ ബംഗാൾ ഗവർണർ സി വി ആനന്ദ ബോസ് അപരാജിത ബിൽ രാഷ്ട്രപതിക്ക് അയച്ചു. സംസ്ഥാന നിയമസഭയിൽ പാസ്സായ ബിൽ തിടുക്കത്തിൽ തയ്യാറാക്കിയതാണെന്നും അതിൽ നിരവധി പഴുതുകൾ ഉണ്ടെന്നും ഗവർണർ സമൂഹ മാധ്യമത്തിൽ കുറിച്ചു. കൊൽക്കത്തയിലെ ആർജി കർ ആശുപത്രിയിൽ ട്രെയിനി ഡോക്ടറെ ക്രൂരമായി ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ സംഭവത്തെ തുടർന്നാണ് ബിൽ സംസ്ഥാന നിയമസഭ പാസാക്കിയത്. ഇത്തരം കുറ്റവാളികളുടെ പ്രവർത്തനങ്ങൾ ഇരയുടെ മരണത്തിനോ

മരണത്തിന് തുല്യമായ അവസ്ഥയ്ക്കോ കാരണമായാൽ അവർക്ക് വധശിക്ഷ നൽകാൻ ബിൽ ആവശ്യപ്പെടുന്നു. എന്നാൽ ബില്ലിനൊപ്പം സാങ്കേതിക റിപ്പോർട്ട് അയക്കാത്തതിൽ സംസ്ഥാന സെക്രട്ടേറിയറ്റിനെ അദ്ദേഹം വിമർശിച്ചു.

**************

## JHARKHAND-LAWYERS MEDICAL INSURANCE

സംസ്ഥാനത്തെ അഭിഭാഷകർക്ക് 5 ലക്ഷം രൂപയുടെ മെഡിക്കൽ ഇൻഷുറൻസ് നൽകാൻ ജാർഖണ്ഡ് സർക്കാർ തീരുമാനിച്ചു. സംസ്ഥാനത്തെ 30,000ത്തോളം അഭിഭാഷകർക്ക് ഇതിൻ്റെ പ്രയോജനം ലഭിക്കും. മുഖ്യമന്ത്രി ഹേമന്ത് സോറേൻ്റെ അധ്യക്ഷതയിൽ ചേർന്ന മന്ത്രിസഭാ യോഗത്തിലാണ് തീരുമാനം. 65 വയസും അതിൽ കൂടുതലുമുള്ള അഭിഭാഷകരുടെ പെൻഷൻ പ്രതിമാസം ഏഴായിരത്തിൽ നിന്ന് 14,000 രൂപയായി ഉയർത്താനുള്ള നിർദ്ദേശത്തിനും മന്ത്രിസഭ അംഗീകാരം നൽകി. പുതുതായി എൻറോൾ ചെയ്യുന്ന അഭിഭാഷകർക്ക് എല്ലാ മാസവും അയ്യായിരം രൂപ സ്റ്റൈപ്പൻഡ് നൽകും. അഭിഭാഷകരുടെ ക്ഷേമം നടപ്പാക്കുന്ന ഏക സംസ്ഥാനമാണ് ജാർഖണ്ഡെന്നും ഇത് രാജ്യത്തിനാകെ മാതൃകയാകുമെന്നും അഡ്വക്കേറ്റ് ജനറൽ രാജീവ് രഞ്ജൻ പറഞ്ഞു.

**************

## PIB-FACT CHECK

ബിഎസ്എൻഎൽ ഔദ്യോഗിക വെബ്സൈറ്റിൻറെ പേരിൽ ആൾമാറാട്ടം നടത്തി വ്യക്തിഗത വിവരങ്ങൾ തേടുന്ന വ്യാജ വെബ്സൈറ്റിനെതിരെ പ്രസ് ഇൻഫർമേഷൻ ബ്യൂറോ-പിഐബിയുടെ ഫാക്റ്റ് ചെക്ക് വിഭാഗം, മുന്നറിയിപ്പ് നൽകി. "bsnltowerindia.com" എന്ന വ്യാജ വെബ്സൈറ്റ് 5G ടവർ സ്ഥാപിക്കുന്നതിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നതായി കാണിച്ചാണ് വിവരങ്ങൾ ചോർത്തുന്നത്. ഇത്തരം വെബ്സൈറ്റുകളിൽ വ്യക്തിഗത വിവരങ്ങൾ നൽകരുതെന്നും PIB അറിയിച്ചു.

**************

## George Kurian

കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഇന്ന് പാലക്കാടും കോഴിക്കോടും വിവിധ പരിപാടികളിൽ പങ്കെടുക്കും. കോഴിക്കോട് എൻ ഐ ടി യുടെ 20-ാമത് ബിരുദദാന

ചടങ്ങിൽ വൈകുന്നേരം കേന്ദ്രമന്ത്രി പങ്കെടുക്കും. നാളെ തിരുവനന്തപുരം വിമാനത്താവളത്തിൽ നിന്നും ശ്രീ ജോർജ് കുര്യൻ ഡൽഹിയിലേക്ക് തിരിക്കും.

***************

## RASHTRIYA BAL PURASKAR

കേന്ദ്ര വനിതാ ശിശു വികസന മന്ത്രാലയത്തിന്റെ പ്രധാൻമന്ത്രി രാഷ്ട്രീയ ബാൽ പുരസ്കാരത്തിനായി നാമനിർദേശം സമർപ്പിക്കാനുള്ള അവസാനതീയതി ഈ മാസം 15ന് അവസാനിക്കും. കുട്ടികളുടെ വിവിധ മേഖലകളിലെ മികവ് പ്രോസാഹിപ്പിക്കുന്നതിനായാണ് പുരസ്കാരം.

***************

## AGNI 4-TESTING

ഇന്ത്യയുടെ അഗ്നി 4 ഇന്റർ മീഡിയറ്റ് റേഞ്ച് ബാലിസ്റ്റിക് മിസൈലിന്റെ പരീക്ഷണം വിജയകരം. ഒഡീഷയിലെ ചാന്ദിപൂർ പരീക്ഷണ കേന്ദ്രത്തിൽ നിന്ന് നടത്തിയ വിക്ഷേപണം വിജയകരമായിരുന്നുവെന്ന് പ്രതിരോധ മന്ത്രാലയം അറിയിച്ചു. എല്ലാ സാങ്കേതിക ഘടകങ്ങളും സാധൂകരിക്കുന്നതായിരുന്നു വിക്ഷേപണമെന്നും മന്ത്രാലയം വ്യക്തമാക്കി.

***************

## PARALYMPICS (INTRO)

പാരീസ് പാരാലിമ്പിക്സിൽ പത്താം ദിനത്തിലും മെഡൽ പ്രതീക്ഷയോടെ ഇന്ത്യ. റോഡ് സൈക്ലിംഗിലും പാരാ അത്‌ലറ്റിക്സിലും ഇന്ത്യൻ താരങ്ങൾ ഇന്ന് ഫൈനലിൽ മത്സരിക്കും.

ഒരു റിപ്പോർട്ട്

(വോയ്സ്)

പുരുഷന്മാരുടെ C1-3 റോഡ് റേസ് ഫൈനലിൽ അർഷാദ് ഷെയ്ഖ് മത്സരിക്കും. ഇതേ ഇനത്തിലെ വനിതകളുടെ ഫൈനൽ മത്സരത്തിൽ ജ്യോതി ഗഡേരിയ ട്രാക്കിലിറങ്ങും. അത്‌ലറ്റിക്സിൽ പുരുഷന്മാരുടെ ജാവലിൻ ത്രോ F40,F41 വിഭാഗം ഫൈനൽ മത്സരങ്ങളിൽ നവ്ദീപ് സിംഗ് കളത്തിലിറങ്ങും. വനിതകളുടെ 200 മീറ്റർ ഓട്ടം T12 വിഭാഗം ഫൈനലിൽ സിംറാൻ ഇന്ത്യക്കായി മാറ്റുരയ്ക്കും. പാരാലിമ്പിക്സിൽ ഇതുവരെ 6 സ്വർണവും 9 വെള്ളിയും 12 വെങ്കലവും ഉൾപ്പെടെ 27 മെഡലുകളാണ് ഇന്ത്യയുടെ നേട്ടം. 2020 ടോക്യോ പാരാലിമ്പിക്സിൽ 19 മെഡലുകളായിരുന്നു ഇന്ത്യൻ താരങ്ങൾ നേടിയത്.

ന്യൂസ് ഡെസ്ക് ആകാശവാണി.

***************

## J-K-NOMINATIONS SCRUTINY

ജമ്മു കശ്മീരിൽ രണ്ടാം ഘട്ട നിയമസഭാ തെരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മപരിശോധന പൂർത്തിയായി. സൂക്ഷ്മപരിശോധനയിൽ 267 പത്രികകൾ സ്വീകരിച്ചപ്പോൾ 62 എണ്ണം തള്ളി. ആറ് ജില്ലകളിലെ 26 നിയമസഭാ മണ്ഡലങ്ങളിലേക്കായി ആകെ 329 നാമനിർദ്ദേശ പത്രികകളാണ് ലഭിച്ചത്. സ്ഥാനാർത്ഥികൾക്ക് തിങ്കളാഴ്ച വരെ നാമനിർദ്ദേശ പത്രിക പിൻവലിക്കാം. ഈ മാസം 25 നാണ് രണ്ടാംഘട്ട വോട്ടെടുപ്പ്.

***************

## CONGRESS - HARYANA LIST

ഹരിയാന നിയമസഭാ തിരഞ്ഞെടുപ്പിനുള്ള കോൺഗ്രസ് സ്ഥാനാർത്ഥി പട്ടിക പുറത്തിറക്കി. മുതിർന്ന കോൺഗ്രസ് നേതാവും മുൻ മുഖ്യമന്ത്രിയുമായ ഭുപേന്ദ്ര സിങ്ങ് ഹൂഡ, ഗാർഹി സാംബ്ല കിലോയ് സീറ്റിൽ നിന്നും മത്സരിക്കും. ഇന്നലെ കോൺഗ്രസിൽ ചേർന്ന ഇന്ത്യൻ ഗുസ്തി താരം വിനേഷ് ഫോഗട്ട് ജുലാനയിൽ നിന്ന് ജനവിധി തേടും. ഹരിയാനയിൽ 90 സീറ്റുകളിലേയ്ക്ക് ഒക്ടോബർ അഞ്ചിനാണ് തിരഞ്ഞെടുപ്പ്.

***************

## AMIT SHAH

ജമ്മുകശ്മീർ നിയമസഭാ തിരഞ്ഞെടുപ്പിൽ ബിജെപിയുടെ പ്രകടനപത്രിക മുതിർന്ന ബിജെപി നേതാവും കേന്ദ്രമന്ത്രിയുമായ അമിത്ഷാ പുറത്തിറക്കി. സ്വാതന്ത്ര്യം ലഭിച്ച നാൾ മുതൽ ജമ്മുകശ്മീർ തങ്ങളുടെ പാർട്ടിക്ക് ഏറെ പ്രാധാനമാണെന്നും അനുച്ഛേദം 370 ചരിത്രത്തിന്റെ ഭാഗമായതായും അദ്ദേഹം പറഞ്ഞു.

***************

## Sivankutty

സാമൂഹിക മുന്നേറ്റത്തിൽ മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളമെന്ന് മന്ത്രി വി ശിവൻകുട്ടി. നിയുക്തി മെഗാ തൊഴിൽ മേള തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. 2022 വർഷം അടിസ്ഥാനമാക്കി, വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്ന സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളം ഒന്നാമതെത്തിയത് മന്ത്രി എടുത്ത്

പറഞ്ഞു. കേരളം മുന്നിലെത്തിയ ഒൻപത് മേഖലകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പ്രവർത്തനങ്ങൾ ഉൾപ്പെടുന്നതായും മന്ത്രി വ്യക്തമാക്കി.

**************

## O.R.Kelu-Comprehensive Project

പട്ടികജാതി 'പട്ടികവർഗ്ഗ ' പിന്നാക്ക വിഭാഗമേഖലയിൽ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് സമഗ്രമായ പദ്ധതി ആവിഷ്കരിക്കുമെന്ന് മന്ത്രി ഒ ആർ കേളു. 'വകുപ്പുകളുടെ ജില്ലാതല അവലോകന യോഗത്തിന് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. എസ് സി - എസ് ടി പ്രമോട്ടർമാർ വീടുകൾ സന്ദർശിച്ച് കുട്ടികൾ കൊഴിഞ്ഞുപോകുന്നതിന്റെ കാരണം പരിശോധിച്ച് റിപ്പോർട്ട് നൽകാനും

നിർദ്ദേശം നൽകിയതായി മന്ത്രി അറിയിച്ചു.

**************

## CANADA-ISIS ARREST

കാനഡയിൽ, ഭീകര സംഘടനയായ ISISന് പിന്തുണ നൽകാൻ ശ്രമിച്ചതിന് പാകിസ്ഥാൻ പൗരനെ അറസ്റ്റ് ചെയ്തു.ന്യൂയോർക്ക് സിറ്റിയിൽ ഇയാൾ ഭീകരാക്രമണം ആസൂത്രണം ചെയ്തതായി അമേരിക്കയുടെ അറ്റോർണി ജനറൽ മെറിക് ഗാർലൻഡ് പറഞ്ഞു. ഷഹ്സേബ് ജാദൂൻ എന്നറിയപ്പെടുന്ന മുഹമ്മദ് ഷാസെബ് ഖാനെയാണ് അറസ്റ്റ് ചെയ്തത്. ഇസ്രയേലിനെതിരായ ഹമാസ് ആക്രമണത്തിൻ്റെ വാർഷിക ദിനമായ ഒക്ടോബർ ഏഴിന് ബ്രൂക്ലിനിലെ ജൂത കേന്ദ്രത്തിൽ ഐഎസിനെ പിന്തുണച്ച് കൂട്ട വെടിവയ്പ്പ് നടത്താനും പദ്ധതിയിട്ടിരുന്നു.

**************

## BSF BGB-MEETING

ബംഗ്ലാദേശ് പൗരന്മാർ അനധികൃതമായി ഇന്ത്യയിലേക്ക് പ്രവേശിക്കുന്നത് തടയാൻ അതിർത്തി രക്ഷാസേന ബംഗ്ലാദേശിനോട് ആവശ്യപ്പെട്ടു. ഇന്ത്യ-ബംഗ്ലാദേശ് അതിർത്തിയിലെ സ്ഥിതിഗതികൾ സംബന്ധിച്ച് ബി എസ് എഫും ബി ജി ബി യും തമ്മിൽ ചേർന്നു യോഗത്തിലാണ് ആവശ്യം ഉന്നയിച്ചത്. ഇന്ത്യൻ പൗരന്മാരുടെയും ബംഗ്ലാദേശിലെ ന്യൂനപക്ഷ വിഭാഗങ്ങളുടെയും സുരക്ഷയ്ക്കായി എല്ലാ നടപടികളും സ്വീകരിക്കുമെന്ന് ബിജിബി ഉറപ്പു നൽകി. ഇന്ത്യ-ബംഗ്ലാദേശ് അതിർത്തിയിലെ സ്ഥിതി സമാധാനപരമാണെന്ന് ബി എസ്എഫ് അറിയിച്ചു.

**************

*********

***